25
മാർച്ച് 2019 തിങ്കൾ
1194 മീനം 11
തിരുവനന്തപുരം

കേരളകൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

108 വർഷങ്ങൾ
4 തലമുറകൾ

14 പേജ് ₹ 7.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU
www.keralakaumudi.com www.facebook.com/keralakaumudi

തീ ചൊരിഞ്ഞ് സൂര്യൻ

സൂര്യാഘാതമേറ്റ് ഇന്നലെ മരണം 3

55 പേർക്ക് ഒരാഴ്ചയ്ക്കുള്ളിൽ പൊള്ളലേറ്റു

118 പേർക്ക് ഈ വർഷം പൊള്ളലേറ്റു

തിരുവനന്തപുരം: കൊട്ടംചുടിൽ കേരളം വെന്ത് ഉരുകവേ സൂര്യാഘാതത്തിൽ ഇന്നലെ മൂന്ന് പേർ കൂടി മരണമടഞ്ഞു. ഇതോടെ ഈ യാഴ്ചമാത്രം നാല്പേർമരിക്കുകയും 55 പേർക്ക്പൊള്ളലേൽക്കുകയും ചെയ്തു.

തിരുവനന്തപുരം പാറശാല സ്വദേശി കരുണാകരൻ (44), കണ്ണൂർ മാതമംഗലം സ്വദേശി നാരായണൻ (67), പത്തനംതിട്ട കോഴഞ്ചേരി സ്വദേശി ഷാജഹാൻ (60) എന്നിവരാണ് ഇന്നലെ മരിച്ചത്. ഇവരുടെ ത്വക്ക്പൊള്ളി അടർന്ന് മാറിയിരുന്നു.

ഇന്നലെ സംസ്ഥാനത്തെമ്പാടുമായി നിരവധിപേർക്ക് പൊള്ളലേറ്റു. പലർക്കും നിന്നനിൽപ്പിലാണ് സൂര്യാഘാതമേൽക്കുന്നത്. പുനലൂരിൽ ഇന്നലെ രണ്ടു പേർക്ക് കൂടി സൂര്യാഘാതമേറ്റു. കറവൂർ സ്വദേശി ബിനു(44), കാര്യറ സ്വദേശിനി രേഷ്മ (24) എന്നിവർക്കാണ് പൊള്ളലേറ്റത്. മുഖത്തും, ദേഹത്തും പൊള്ളലേറ്റ രണ്ട് പേരും ആശുപത്രിയിൽ ചികിത്സ തേടി.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ഒന്നായ പുനലൂരിൽ ഇന്നലെ താപനില 38.05 ഡിഗ്രി സെൽഷ്യസായിരുന്നു. കാസർകോട്ട് കുമ്പളയിൽ മൂന്ന് വയസുകാരിക്കും, കൊല്ലത്ത് തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ ആർ.എസ്.പി നേതാവിനും പൊള്ളലേറ്റു.

ഈ വർഷം ഇതുവരെ 118 പേർക്ക്സൂര്യാഘാതമേറ്റെന്നാണ്ആരോഗ്യവകുപ്പിന്റെ കണക്ക്.

സംസ്ഥാനത്ത് 26 വരെ പത്ത് ജില്ലകളിൽ കൊടുംചൂടുണ്ടാകുമെന്നാണ് കാലാവസ്ഥാ കേന്ദ്രത്തിന്റെ മുന്നറിയിപ്പ്. കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ഉയർന്ന താപനിലശരാശരിയിൽ നിന്ന് 3 മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, പത്തനംതിട്ട, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ശരാശരിയിൽ നിന്ന് 2 മുതൽ 3 ഡിഗ്രി വരെയും ചൂട് കൂടുമെന്നാണ് മുന്നറിയിപ്പ്.

ദുരന്തനിവാരണ അതോറിട്ടിയും മറ്റും ആവർത്തിച്ച് നൽകിയ മുന്നറിയിപ്പുകൾ ജനങ്ങൾ അവഗണിക്കുന്നതാണ് സൂര്യാഘാതമേറ്റുള്ള മരണങ്ങൾ വർദ്ധിക്കാൻ കാരണമെന്ന് വിദഗ്ദ്ധർ പറയുന്നു.



ശരാശരിയിൽ നിന്ന് 3 മുതൽ 4 ഡിഗ്രി വരെ താപനില ഉയരുന്ന ജില്ല

ശരാശരിയിൽ നിന്ന് 2 മുതൽ 3 ഡിഗ്രി വരെ താപനില ഉയരുന്ന ജില്ല


കരുണാകരൻ

നാരായണൻ

ഗൃഹനാഥൻ മരിച്ചത് കൃഷിപ്പണിക്കിടെ
പേജ് 14

സൂര്യാഘാതമുണ്ടായാൽ !

പൊള്ളലേറ്റാൽ

കടുത്ത വെയിൽ നേരിട്ടേൽക്കുന്ന കൈകളുടെ പുറംഭാഗം, മുഖം, നെഞ്ചിന്റെ പുറംഭാഗം, കഴുത്തിന്റെ പിൻവശം തുടങ്ങിയ ശരീരഭാഗങ്ങൾ ചുവന്നു തടിക്കും. വേദനയും പൊള്ളലുമുണ്ടാകും. കഠിനമായ സൂര്യാതപമേറ്റാൽ തീപൊള്ളൽ പോലെ കുമിളകൾ ഉണ്ടാകാറുണ്ട്. ഈ കുമിളകൾ പൊട്ടിക്കരുത്. ലക്ഷണം കണ്ടാൽ ഉടൻ ആശുപത്രിയിലെത്തിക്കുക.

4 ലക്ഷം വരെ സഹായം

സൂര്യാതപം പ്രകൃതിദുരന്തമായികണക്കാക്കി മാർച്ച് 11 ന് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ഇതനുസരിച്ച് ഉഷ്ണതരംഗം, സൂര്യാഘാതം എന്നിവയേറ്റ് മരിക്കുന്നവരുടെ കുടുംബങ്ങൾക്ക് നാലുലക്ഷം രൂപവരെ നഷ്ടപരിഹാരത്തിന് അർഹതയുണ്ട്.

കാഴ്ച നഷ്ടമായാൽ രണ്ടു ലക്ഷം വരെയും പരിക്കേറ്റാൽ 12,500 രൂപയും കിട്ടും. മൃഗങ്ങൾ ചത്താൽ 30,000 രൂപ ലഭിക്കും. കുടിവെള്ള പ്രശ്നമുണ്ടായാൽ പരമാവധി 25,000 രൂപ.

മരണം ഒരുമിനിറ്റിനുള്ളിൽ

അന്തരീക്ഷതാപം അസഹ്യമായാൽ ശരീരത്തിലെ ജലാംശം അതിവേഗം കുറയും. നിർജലീകരണം ഹൃദയം, വൃക്ക, എന്നിവയുടെ പ്രവർത്തനത്തെബാധിക്കും. രക്തയോട്ടം നിലയ്ക്കും. അത്യുഗ്ര ചൂടേറ്റാൽ ഒരുനിമിഷത്തിൽ ബോധംകെട്ട് വീഴും. തൊലി ഇളകിമാറുന്നതും പൊള്ളലേൽക്കുന്നതും പാർശ്വഫലം മാത്രമാണ്. അത് മരണകാരണമാകുന്നില്ല.

-ഡോ.ഷർമ്മദ് ഖാൻ
സീനിയർ മെഡിക്കൽ ഓഫീസർ, ആയുഷ്

"ചൂട് തിരഞ്ഞെടുപ്പ് പ്രചാരണത്തെ ബാധിച്ചിട്ടുണ്ട്. പ്രവർത്തകരുടെ കാര്യത്തിനാണ് മുൻഗണന. ഉച്ചയ്ക്ക് 12 മുതൽ നാല് വരെ അവർക്ക് വിശ്രമമാണ്.

-സി.ദിവാകരൻ (സി.പി.ഐ)

രാവിലെ 8 മുതൽ 12 വരെയാണ് ആദ്യഘട്ടപ്രചാരണം. ഊണിനുശേഷം അല്പം വിശ്രമിച്ച ശേഷം ഉച്ചയ്ക്ക് മൂന്ന് മുതൽ പ്രചാരണം പുനരാരംഭിക്കും.

-അടൂർ പ്രകാശ്
(കോൺഗ്രസ്)

ചൂടാണെന്ന് കരുതി പ്രചാരണം നിറുത്തിവയ്ക്കുന്നില്ല. 12 മണി മുതൽ നാല് വരെ കുടുംബയോഗങ്ങളിൽ പങ്കെടുക്കും.

-ശോഭ സുരേന്ദ്രൻ
(ബി.ജെ.പി)

പിന്നാക്കക്കാരെ പിന്നിലിരുത്തി സ്ഥാനാർത്ഥി ലിസ്റ്റ്

- കൂടുതൽ അവഗണിച്ചത് കോൺഗ്രസ്

പാർലമെന്റ് തിരഞ്ഞെടുപ്പിൽ 20 ൽ 16 സീറ്റിലും മത്സരിക്കുന്ന കോൺഗ്രസ് ഈഴവസമുദായത്തിന് നീക്കിവച്ചത് 2 സീറ്റ് എൽ.ഡി.എഫിൽ ലഭിച്ചത് 4. ബി.ജെ.പി നയിക്കുന്ന എൻ.ഡി.എ നൽകിയത് 5 സീറ്റ്

വിശദവാർത്ത: പേജ് 7

പുൽവാമ ഭീകരന് അമേരിക്കൻ 'വെർച്വൽ സിം'

- പുൽവാമയിൽ ചാവേർ ആക്രമണം നടത്തിയ അദിൽ ദാർ പാകിസ്ഥാനിലെയും കാശ്മീരിലെയും തന്റെ യജമാനന്മാരുമായി ബന്ധപ്പെട്ടത് ഒരു അമേരിക്കൻ കമ്പനിയുടെ 'വെർച്വൽ സിം' ഉപയോഗിച്ച്. ഈ കമ്പനിയിൽ നിന്ന് വിശദാംശങ്ങൾ തേടി ഇന്ത്യ അമേരിക്കൻ ഭരണകൂടത്തിന് കത്ത് നൽകും

വിശദവാർത്ത: പേജ് 9

കൺട്രോൾ നഷ്ടപ്പെട്ട് കെ.എസ്.ആർ.ടി.സി

- ജനുവരിയിൽ ദിവസവരുമാനം 7 കോടിയും ഫെബ്രുവരിയിൽ 6.6 കോടി യുമായിരുന്നു കളക്ഷൻ
- ഇപ്പോൾ 5.7 കോടി രൂപയിലേക്കു കൂപ്പുകുത്തി

വിശദവാർത്ത : പേജ് 8

ഇന്ന് കോൺ. പ്രവർത്തക സമിതി തീരുമാനിച്ചേക്കും

രാഹുലിന്റെ പേരിൽ ഇനി വയനാട് മാത്രം

- വയനാട് ഒഴിവാക്കി കോൺഗ്രസിന്റെ ഒൻപതാം പട്ടിക
- ശിവഗംഗയിൽ കാർത്തി ചിദംബരം
- ബംഗളൂരു സൗത്തിൽ ബി.കെ. ഹരിപ്രസാദ്

അനിൽ വി. ആനന്ദ്

ന്യൂഡൽഹി: കേരളത്തിൽ കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധി മത്സരിക്കുമെന്ന സൂചനകൾ ശക്തമാക്കി വയനാട് ഒഴിവാക്കി കോൺഗ്രസ് ഒൻപതാം സ്ഥാനാർത്ഥി പട്ടിക ഇന്നലെ പുറത്തിറക്കി. തമിഴ്നാട്ടിൽ രാഹുലിന്റെ രണ്ടാം മണ്ഡലമാകുമെന്ന് കേട്ട ശിവഗംഗയിലും കർണാടകത്തിൽ രാഹുലിന്റെയും പ്രധാനമന്ത്രി മോദിയുടെയും രണ്ടാം മണ്ഡലമാകുമെന്ന് കേട്ട ബംഗളൂരു സൗത്തിലും കോൺഗ്രസ് സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. നേരത്തെ രാഹുലിന്റെ പേരിൽ കേട്ട കർണാടകയിലെ ബിദാറിലും കഴിഞ്ഞദിവസം സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ചിരുന്നു. രാഹുലിന്റെ പേരു പറഞ്ഞുകേൾക്കുന്നതിൽ ഇനി വയനാട് മാത്രമാണ് പ്രഖ്യാപിക്കാനുള്ളത്.

കോൺഗ്രസ് നേതാവ് പി. ചിദംബരത്തിന്റെ മകൻ കാർത്തി ചിദംബരമാണ് ശിവഗംഗയിലെ സ്ഥാനാർത്ഥി. കഴിഞ്ഞതവണ കാർത്തി ഇവിടെ പരാജയപ്പെട്ടതാണ്. ബംഗളൂരു സൗത്തിൽ ബി.കെ. ഹരിപ്രസാദ് മത്സരിക്കും. ഇതുൾപ്പെടെ 10 പേരുടെ പട്ടികയാണ് ഇന്നലെ പുറത്തിറക്കിയത്.

ഇന്ന് കോൺഗ്രസ് പ്രവർത്തക സമിതി യോഗവും കേന്ദ്രതിരഞ്ഞെടുപ്പ്സമിതിയോഗവും ചേരുന്നുണ്ട്. ഈ യോഗങ്ങളിൽ രാഹുൽ വയനാട്ടിൽ മത്സരിക്കുന്നതിൽ തീരുമാനമുണ്ടായേക്കും. വയനാട്ടിൽ മത്സരിക്കണമെന്ന കേരളത്തിലെ കോൺഗ്രസ് നേതാക്കളുടെ ആവശ്യം രാഹുൽ സജീവമായി പരിഗണിക്കുന്നതായി കോൺഗ്രസ് വക്താവ് രൺദീപ് സിംഗ്സുർജേവാല കഴിഞ്ഞ ദിവസം അറിയിച്ചിരുന്നു.

കോൺഗ്രസിലേക്ക് മടങ്ങിയെത്തിയ താരിഖ് അൻവർ ബീഹാറിലെ കത്തിഹാറിൽ മത്സരിക്കും. സോണിയഗാന്ധിയുടെ നേതൃത്വത്തെ ചോദ്യം ചെയ്ത് ശരദ് പവാറിനൊപ്പം എൻ.സി.പിയുണ്ടാക്കിയ താരിഖ് അൻവർ ഒക്ടോബറിലാണ് കോൺഗ്രസിലേക്ക് മടങ്ങിയെത്തിയത്.

രാഹുൽ തീരുമാനിച്ചില്ലെന്ന് പി.സി ചാക്കോ
പേജ് 07

തലവര

ആര് മത്സരിച്ചാലും വയനാട്ടിലെ സി.പി.ഐ സ്ഥാനാർത്ഥിയെ മാറ്റില്ല: കാനം

നമ്മളെ പേടിച്ച് രാഹുൽ വയനാട്ടിൽ നിന്ന് പിന്മാറട്ടെ. അതല്ലേ ഹീറോയിസം?

നഗരത്തിൽ വീണ്ടും ഗുണ്ടാ ആക്രമണം

ബാർട്ടൺഹില്ലിൽ യുവാവ് വെട്ടേറ്റു മരിച്ചു

തിരുവനന്തപുരം: തലസ്ഥാന നഗരിയെ ഞെട്ടിച്ച് രാത്രി വീണ്ടും കൊലപാതകം. ഇന്നലെ രാത്രി പതിനൊന്ന്മണിയോടെ ബാർട്ടൺഹില്ലിൽ ക്രിമിനൽ കേസിലെ പ്രതികൾ തമ്മിൽ നടന്ന ഏറ്റുമുട്ടലിൽ യുവാവ് വെട്ടേറ്റുമരിച്ചു. ഗുണ്ടുകാട് സ്വദേശി എസ്.പി. അനിൽകുമാറാണ് (40, അനി) മരിച്ചത്. നിരവധികേസുകളിലെപ്രതിയായ ജീവനാണ് അനിലിനെ വെട്ടിയതെന്ന് പൊലീസ് പറഞ്ഞു. ഇയാൾ ഒളിവിലാണ്.

ബാർട്ടൺഹില്ലിൽ നിന്ന് ലാ കോളേജിലേക്ക് പോകുന്ന വഴിയിലെ പാർക്കിന് സമീപത്ത് ശരീരമാസകലം വെട്ടേറ്റ് ചോരയിൽ കുളിച്ചുകിടന്ന അനിലിനെ സുഹൃത്തുക്കളാണ് ആദ്യം കണ്ടത്. ഉടൻ മ്യൂസിയം പൊലീസിൽ വിവരം അറിയിച്ചതിനെത്തുടർന്ന് പൊലീസെത്തി അവരുടെ വാഹനത്തിൽ അനിലിനെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻരക്ഷിക്കാനായില്ല. അനിൽ ആക്രമണത്തിന് ഇരയായ സ്ഥലത്തിന് സമീപം വീടുകളുണ്ട്. എന്നാൽ ഇയാളെ ആശുപത്രിയിൽ എത്തിക്കാൻ വൈകിയതായി പൊലീസ് പറഞ്ഞു. അനിലിന്റെ മൃതദേഹം മെഡിക്കൽ കോളേജ് ആശുപത്രിയിലെ മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്.